ഉത്തരം

(എ) തിരുവില്ലാമല കൊണ്ടാഴി വില്ലേജുകൾക്കു വേണ്ടിയുള്ള പദ്ധതി, കടങ്ങോടിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി, നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന ചെറുതുരുത്തി നെടുംപുര കുടിവെള്ള പദ്ധതി എന്നിവയാണ് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നവ.

(ബി) തിരുവില്ലാമല കൊണ്ടാഴി വില്ലേജുകൾക്കു വേണ്ടിയുള്ള പദ്ധതിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. വൈദ്യുതി കണക്ഷൻ ലഭിച്ചുകഴിഞ്ഞാൽ ചാർജ്ജിംഗ് ആരംഭിക്കാവുന്നതാണ്.

കടങ്ങോടിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതിയുടെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കി ചാർജ്ജിംഗ് നടന്നു വരുന്നു. ചെറുതുരുത്തി നെടുംപുര കുടിവെള്ള പദ്ധതിയുടെ ജല ശുദ്ധീകരണശാലയുടെ നിർമ്മാണം ആരംഭിക്കുകയും ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുമുണ്ട്.

(സി&ഡി) മൂന്നു പദ്ധതികളും 2011 ഫെബ്രുവരിയോടുകൂടി പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

പഴവങ്ങാടി-റാന്നി-വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതി

141 (738) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴവങ്ങാടി-റാന്നി-വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിക്ക് SLEC-യുടെ അംഗീകാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് SLEC ഇത് പാസ്സാക്കിയത് ;

(സി) എന്തു തുകയാണ് പാസ്സാക്കിയിട്ടുള്ളത് ;

(ഡി) ഈ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇനി പൂർത്തീകരിക്കാനുള്ളത് ;

(ഇ) ഇവ പൂർത്തീകരിച്ച് എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പഴവങ്ങാടി-റാന്നി-വടശ്ശേരിക്കര പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കാൻ 1458.99 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ 5-6-2010-ൽ കൂടിയ എസ്.എൽ.എസ്.സി. (സ്റ്റേറ്റ് ലവൽ സ്കീം സാങ്ഷനിംഗ് കമ്മിറ്റി) യിൽ സമർപ്പിക്കുകയും പ്രസ്തുത പദ്ധതിക്ക് 5-6-2010-ൽ കൂടിയ എസ്.എൽ.എസ്.സി 1458.99 ലക്ഷം രൂപയുടെ അംഗീകാരം നൽകുകയുണ്ടായി.

(ഡി) പ്രസ്തുത പദ്ധതി ഭരണാനുമതി നൽകുവാനുള്ള മുൻകൂർ അനുമതി നൽകുന്നതിനുള്ള നപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ഇ&എഫ്) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടതിനുശേഷമേ ടെണ്ടർ നടപടി സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാവുകയുള്ളൂ.

പുനലൂർ മുനിസിപ്പാലിറ്റിയിൽ ശുദ്ധജലം എത്തിക്കുവാൻ നടപടി

142 (739) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മുനിസിപ്പാലിറ്റി മേഖലയെക്കൂടി മീനാട് പദ്ധതിയിൽ ഉൾപ്പെടുത്തി അവിടെ ശുദ്ധജലം എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) മീനാട് പദ്ധതി പ്രകാരം റോഡ് റെക്ടിഫിക്കേഷനുവേണ്ടി പുനലൂർ മണ്ഡലത്തിൽ എത്ര രൂപയാണ് വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് ; പഞ്ചായത്ത് തിരിച്ച് കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുനലൂർ മുനിസിപ്പാലിറ്റി മേഖലയെ മീനാട് പദ്ധതിയിൽ ഉൾപ്പെടുത്താൻ തൽക്കാലം നിർവ്വാഹമില്ല.

(ബി) ജൈക്ക പദ്ധതിയുടെ ഭാഗമായി പുനലൂർ മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ റെക്ടിഫിക്കേഷനുവേണ്ടി 2,33,15,069 രൂപ കൊല്ലം പി.ഡബ്ല്യു.ഡി റോഡ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. പുനലൂർ പൊതുമരാമത്ത് സബ്ഡിവിഷൻ ആഫീസിന്റെ പരിധിയിൽപ്പെട്ട കരവാളൂർ, ഇടമുളയ്ക്കൽ, അഞ്ചൽ എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ട റോഡുകളുടെ റെക്ടിഫിക്കേഷൻ വർക്കുകൾക്ക് വേണ്ടിയാണിത്. പഞ്ചായത്തു റോഡുകൾക്ക് താഴെപ്പറയുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

1. അഞ്ചൽ പഞ്ചായത്ത് 78,19,788 രൂപ

2. ഇടമുളയ്ക്കൽ പഞ്ചായത്ത് 18,30,668 രൂപ